ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾ

1298. [1947] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾമൂലം ഒരു വർഷം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം എത്രയാണ് ;

(ബി) ഈ രോഗം തടഞ്ഞ് മൃഗങ്ങളെ സംരക്ഷിക്കാൻ കേന്ദ്ര സഹായത്തോടുകൂടി സംസ്ഥാനത്തു പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ പദ്ധതി എന്നുമുതൽ സംസ്ഥാനത്ത് നടപ്പാക്കും ?

ഉത്തരം

(എ) കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾമൂലം സംസ്ഥാനത്ത് ഉണ്ടാകുന്ന നഷ്ടത്തെപ്പറ്റി ശരിയായ സ്ഥിതിവിവരക്കണക്കുകൾ ഇല്ല. വർഷംതോറും ഏകദേശം 203.46 കോടി രൂപയോളം ഈ ഇനത്തിൽ വരും.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കാഞ്ഞാവെളിയിലെ മൃഗാശുപത്രി

1299. [1948] ശ്രീ. തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞാവെളിയിൽ ഒരു മൃഗാശുപത്രി അനുവദിച്ചെങ്കിലും അതു തുറന്നു പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് എത്രയും വേഗം തുറക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ സ്റ്റാഫിനെ അനുവദിച്ച് ആശുപത്രി എത്രയും പെട്ടെന്നു തുറക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്.

കുണ്ടറയിലെ വെറ്റിനറി ആശുപത്രി

1300. [1949] ശ്രീ. തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറയിൽ നിലവിലുള്ള വെറ്റിനറി ആശുപത്രി ഒരു പോളിക്ലിനിക്കായി ഉയർത്തണമെന്ന് ഗവൺമെന്റിനു നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പ്രത്യേക പരിഗണനമൂലം ലഭിച്ച കേന്ദ്രസഹായം

1301. [1950] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ സംസ്ഥാനത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേന്ദ്ര ഗവൺമെൻറ് കേരളത്തിന് എന്തെങ്കിലും പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഘട്ടത്തിൽ ഏതേത് ഇനങ്ങളിലായി എന്തു തുക വീതം എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

വർഷം		ഇനം	തുക
1982-83	(i)	1981-82 വർഷാവസാനം ഉണ്ടായിരുന്ന ഓവർ ഡ്രാഫ്റ്റ് റിസർവ് ബാങ്കിനു തിരിച്ചടയ്ക്കുന്നതിലേക്കുള്ള മദ്ധ്യകാല വായ്പ	93.93 കോടി രൂപ
	(ii)	വരൾച്ച ദുരിതാശ്വാസത്തിനുള്ള മുൻകൂർ പദ്ധതി സഹായം	2.00 ,,
1983-84	(i)	1982-83 വർഷാവസാനം ഉണ്ടായിരുന്ന ഓവർ ഡ്രാഫ്റ്റ് റിസർവ് ബാങ്കിനു തിരിച്ചടയ്ക്കുന്നതിലേക്കുള്ള മദ്ധ്യകാല വായ്പ	42.26 ,,
	(ii)	വരൾച്ച ദുരിതാശ്വാസത്തിനുള്ള മുൻകൂർ പദ്ധതി സഹായം	38.35 ,,
	(iii)	എഴിമലയിൽ നേവൽ അക്കാഡമി സ്ഥാപിക്കുന്നതിനു സ്ഥലം പൊന്നും വിലയ്ക്ക് എടുക്കാനുള്ള ധനസഹായം (വായ്പ)	20.00 ,,
1984-85	(i)	വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുള്ള ഗ്രാൻറ്	14.80 ,,
1985-86	(i)	28-1-1985-ൽ ഉണ്ടായിരുന്ന ഓവർ ഡ്രാഫ്റ്റിന്റെ 90 ശതമാനം റിസർവ് ബാങ്കിനു തിരിച്ചടയ്ക്കുന്നതിനുള്ള മദ്ധ്യകാല വായ്പ	241.86 ,,

LIBRARY ARCHIVES Kerala Legislative Assembly